**<u>ട്രാൻസ്പോർട്ട് കമ്മീഷണറുടെ നടപടി ക്രമം</u>**
**<u>(സാന്നിദ്ധ്യം:- എസ് ശ്രീജിത്ത് ഐ പി എസ്)</u>**

വിഷയം:- മോട്ടോർ വാഹന വകുപ്പ് -ഡ്രൈവർ തസ്തികയിലെ ഉദ്യോഗസ്ഥരുടെ 1:1:1 അനുപാത പ്രകാരമുള്ള സ്ഥാനക്കയറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ്(പി) 27/2021/ഫിൻ എന്ന 10.02.2021 തിയതിയിലെ ഉത്തരവ്

2. എ 5/64/2022-റ്റിസി എന്ന 22.06.2022 തിയതിയിലെ ഉത്തരവ്

**<u>ഉത്തരവ് നമ്പർ. എ 5/81/2022-റ്റിസി തീയതി 06/07/2022</u>**

പരാമർശം 1 ഉത്തരവിലെ അനുബന്ധം XI പ്രകാരം ഡ്രൈവർ ഗ്രേഡ് 2, ഡ്രൈവർ ഗ്രേഡ് 1, സീനിയർ ഗ്രേഡ് ഡ്രൈവർ എന്നീ തസ്തികകൾ 1:1:1 അനുപാതത്തിലും സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിലെ ഉദ്യോഗസ്ഥരിൽ 10% ഉദ്യോഗസ്ഥർ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലായിരിക്കും എന്നും വിശദീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 86 സ്ഥിര ഡ്രൈവർ തസ്തികകൾ ഉള്ള മോട്ടോർ വാഹന വകുപ്പിലെ തസ്തികകൾ ചുവടെ ചേർക്കുംപ്രകാരമാണ് വിന്യസിക്കേണ്ടത്.

ഡ്രൈവർ ഗ്രേഡ് 2 – 29

ഡ്രൈവർ ഗ്രേഡ് 1– 29

സീനിയർ ഗ്രേഡ് ഡ്രൈവർ–28

സീനിയർ ഗ്രേഡ് തസ്തികയിലെ 10% ഉദ്യോഗസ്ഥർക്ക് സെലക്ഷൻ ഗ്രേഡ് അനുവദിക്കുമ്പോൾ സീനിയർ ഗ്രേഡ് തസ്തികയിൽ 26 ഉദ്യോഗസ്ഥരും സെലക്ഷൻ ഗ്രേഡ് തസ്തികയിൽ 2 ഉദ്യോഗസ്ഥരുമാണ് അനുവദനീയമായ തസ്തികകളുടെ എണ്ണം.

വകുപ്പിൽ നിലവിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിൽ ഉള്ള 1 ഒഴിവിലേക്ക് പരാമർശം 2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ സീനിയർ ഗ്രേഡ് തസ്തികയിൽ ക്രമ നമ്പർ 1 ആയ ശ്രീ ശശീന്ദ്രന് സി ക്ക് **₹ 39300–83000** ശമ്പളസ്കെയിലിൽ **സെലക്ഷൻ ഗ്രേഡ്** ഡ്രൈവറായി **01.03.2022** പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഖണ്ഡിക ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിലേക്ക് പരാമർശം 2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ഡ്രൈവർ ഗ്രേഡ് 1 തസ്തികയിൽ ക്രമ നമ്പർ 1 ആയ ശ്രീ രാജീവ് ഐ കെ ക്ക് **₹ 31100–66800** ശമ്പളസ്കെയിലിൽ **സീനിയർ ഗ്രേഡ്** ഡ്രൈവറായി **01.03.2022** പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഡ്രൈവർ ഗ്രേഡ് 1 തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്കും മേൽ ഖണ്ഡിക ഉത്തരവ് പ്രകാരം നിലവിൽ വന്ന ഒഴിവിലേക്കും പരാമർശം 2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ഡ്രൈവർ ഗ്രേഡ് 2 തസ്തികയിൽ ക്രമ നമ്പർ 1 ആയ ശ്രീ അനീഷ് എം എ, ക്രമ നമ്പർ 2 ശ്രീ നെൽസൺ കെ എൽ എന്നിവർക്ക് **₹ 27900–63700** ശമ്പളസ്കെയിലിൽ **ഡ്രൈവർ ഗ്രേഡ് 1** ആയി യഥാക്രമം **01.02.2022,01.03.2022** പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവുകളെ ചുവടെ ചേർക്കുന്ന പട്ടികയിൽ ക്രോഡീകരിക്കുന്നു.

| ക്രമ നമ്പർ | പേര്, പെൻ,നിലവിലെ ഓഫീസ് | നിലവിലെ തസ്തിക | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക | സ്ഥാനക്കയറ്റം പ്രാബല്യത്തിൽ വരുന്ന തിയതി |
|---|---|---|---|---|
| 1 | ശ്രീ ശശീന്ദ്രൻ സി<br>135851<br>സബ്ബ് ആർ ടി ഓ നിലമ്പൂർ | സീനിയർ ഗ്രേഡ് ഡ്രൈവർ | സെലക്ഷൻ ഗ്രേഡ് ഡ്രൈവർ | 01.03.2022 |
| 2 | ശ്രീ രാജീവ് ഐ കെ<br>677256<br>ആർ ടി ഓ തൃശ്ശൂർ | ഡ്രൈവർ ഗ്രേഡ് 1 | സീനിയർ ഗ്രേഡ് ഡ്രൈവർ | 01.03.2022 |
| 3 | ശ്രീ അനീഷ് എം എ<br>830175<br>ഡി റ്റി സി തൃശ്ശൂർ | ഡ്രൈവർ ഗ്രേഡ് 2 | ഡ്രൈവർ ഗ്രേഡ് 1 | 01.02.2022 |
| 4 | ശ്രീ നെൽസൺ കെ എൽ<br>830803<br>ആർ ടി ഓ തൃശ്ശൂർ | ഡ്രൈവർ ഗ്രേഡ് 2 | ഡ്രൈവർ ഗ്രേഡ് 1 | 01.03.2022 |

വ്യത്യസ്ത ക്യാറ്റഗറികളിലാണെങ്കിലും മേൽ പറഞ്ഞ ഉദ്യോഗസ്ഥരുടെ നിലവിലുള്ള ചുമതലകളിലും, ഉത്തരവാദിത്വങ്ങളിലും യാതൊരുവിധ മാറ്റവും ഉണ്ടായിരിക്കുന്നതല്ല. സർക്കാർ ഉത്തരവ് G.O(P)515/2007/Fin Dated 19/10/2007 ന് വിധേയമായി മേൽ പറഞ്ഞ ഉദ്യോഗസ്ഥർക്ക് ശമ്പള കുടിശകയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

Digitally signed by S SREEJITH I P S
Date:Wed Jul 06 18:00:03 IST 2022
Reason: Approved

S Sreejith I P S
#ApprovedByDesignation

സ്വീകർത്താവ്,

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ(ഓഫീസ് മേധാവി മുഖേന)
2. ബന്ധപ്പെട്ട ഓഫീസ് മേധാവികൾ( തുടർ നടപടികൾക്കായി)
3. അസിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ
4. സീനിയർ സൂപ്രണ്ട്, എസ് എസ് ജി സെക്ഷൻ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

പകർപ്പ്:-

1. ഗതാഗത കമ്മീഷണറേറ്റിലെ ഉന്നത ഉദ്യോഗസ്ഥരുടെ സി.എമാർ